ഗതാഗത നിയമ ലംഘനം കണ്ടെത്താൻ പദ്ധതി

339 (2168) ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) റോഡ് അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന കാരണങ്ങളിൽ ഒന്നായ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ മുഖാന്തിരമുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിതവേഗത്തിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരി ക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധയോടെയും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഡ് ചെയ്യുക, പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധനയും നടത്തിവരുന്നു. ഗതാഗത നിയമ ലംഘകരെ കണ്ടെത്തുകയും അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുകയും അവർക്കെതിരെ പിഴ ചുമത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുകവഴി നിയമ ലംഘനങ്ങളും അപകടങ്ങളും കുറയ്ക്കുന്നതിനും മോട്ടോർ വാഹനവകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ദേശീയപാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഹനാപകടങ്ങളും തൻമൂലമുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുക, നിയമ ലംഘകരെ കണ്ടെത്തി പിഴ ഈടാക്കുക, അവരെ ബോധവൽക്കരിക്കുന്നതുവഴി തുടർ നിയമ ലംഘനങ്ങൾ ഒഴിവാക്കുകയും ഒരു നല്ല റോഡ് ഗതാഗത സംസ്കാരം നടപ്പിൽ വരുത്തുകയും ചെയ്യുക.

(സി) മോട്ടോർ വാഹന വകുപ്പിന്റെകീഴിലുള്ള മുഴുവൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടേയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പക്കലുള്ള വാഹനങ്ങളും എൻഫോഴ്സ്മെന്റ് ഉപകരണങ്ങളും ഇതിനായി ഉപയോഗിക്കുന്നു. ഓരോ വർഷവും പദ്ധതിയിനത്തിൽ തുക അനുവദിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ നടപ്പാക്കിവരുന്നു. ഡ്രൈവിംഗ് ടെസ്റ്റും വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയും ശാസ്ത്രീയമായും കുറ്റമറ്റരീതിയിലും നടത്തുന്നതിനായി ഘട്ടംഘട്ടമായി കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിച്ചുവരുന്നു.

എല്ലാ തപാലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ നടപടി

340 (2169) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്ന് കെ.എസ്.ആർ.ടി.സി. ഭവനിലേക്ക് അയയ്ക്കുന്ന എല്ലാ തപാലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പരിട്ടാണോ വിവിധ സെക്ഷനുകളിലേക്ക് നടപടിക്കായി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പർ നൽകാത്തതുകാരണം ഇതു സംബന്ധിച്ച അന്വേഷണങ്ങൾക്കായി വരുന്ന അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അപേക്ഷകൾ തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഉത്തരവാദികൾക്കെതിരെ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ ;

(സി) എല്ലാ തപാലുകളും നമ്പരിട്ട ശേഷംമാത്രം കൃത്യമായി നടപടിക്കായി വിവിധ ഇടങ്ങളിലെത്തിക്കാൻ കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) എല്ലാ തപാലുകളിലും നമ്പർ രേഖപ്പെടുത്തിയല്ല വിവിധ സെക്ഷനുകളിലേക്ക് നൽകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ തപാലുകളിലും നമ്പറിട്ട് ചേർത്ത് നൽകുവാനും കൃത്യത ഉറപ്പാക്കുവാനും കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly